
നാമ്പുകൾ
ജി.എച്ച്. എസ്.എസ് കോട്ടത്തറ
ഡിജിറ്റൽ മാഗസിൻ
2018-2019

# EDITORIAL BOARD



- താഹിർ ടി.സി
- ഹാഫിസ് എ
- വർഷ വി
- ലദീദ നസ്റി കെ.കെ
- ലിറ്റിന സെബാസ്റ്റ്യൻ
- ജിസ്രിയ ജാസ്മിൻ
- മിസ്രിയ വി
- മുഹ്സിന കെ.കെ
- ഫസ്ന ഷെറിൻ
- ഫാത്തിമത്ത് സഫാന



# ജി.എച്ച്. എസ്.എസ് കോട്ടത്തറ

# ആശംസകൾ



നാമ്പുകൾ പുത്തൻ പ്രതീക്ഷകളാണ്...മഴപെയ്ത്ത് തോർന്ന രാത്രികളുടെ നനു നനുത്ത ശീതളിമയിൽ നിന്ന് ഉയർന്നു വരുന്ന നാമ്പുകൾ എന്നും പുത്തൻ ജീവൻറെ തുടിപ്പുകളാണ്...എഴുത്തിൻറെ കാർമേഘങ്ങൾ പെയ്തൊഴിയുമ്പോൾ മാറ്റത്തിൻറെ ആകാശവീഥികളിൽ ഉയരുന്ന ശംഖൊലികളിൽ നിന്ന് പ്രതിധ്വനിക്കുന്ന മണിനാദങ്ങളാണ് ഈ നാമ്പുകൾ...കാലത്തിൻറെ കുത്തൊഴുക്കിൽ പഴമയിൽ നിന്നും ഡിജിറ്റൽ സാങ്കേതികതയിലേക്കുള്ള മാറ്റത്തിൻറെ സ്പന്ദനം ഏറ്റവും തീവ്രമായി നെഞ്ചിലേറ്റുന്ന ''നാമ്പുകൾ'' വരുംകാലങ്ങളിലും തലയുയർത്തി നിൽക്കട്ടെ..

സ്നേഹപൂർവ്വം
പ്രസന്ന.എം
പ്രഥമാധ്യാപിക



വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയരുന്നതിനൊപ്പം വിവരസാങ്കേതിക രംഗത്ത് അവരുടെ പ്രതിഭയെ വളർത്തുന്നതിൻറേയും ഭാഗമായാണ് ലിറ്റിൽ കൈറ്റുകളെ തിരഞ്ഞെടുക്കുന്നതും അവർക്ക് പരിശീലനം നൽകുന്നതും...ഈ സ്കൂളിലെ ലിറ്റിൽ കൈറ്റുകളുടെ പ്രവർത്തനങ്ങളെ തികച്ചും അത്ഭുതത്തോടെയാണ് ഞാൻ വീക്ഷിക്കുന്നത്...ലിറ്റിൽ കൈറ്റുകളുടെ നേട്ടങ്ങളുടെ പട്ടികയിലെ പൊൻകിരീടമാണ് ഈ മാസിക...ഈ വിദ്യാലയത്തിലെ വിവിധ വിദ്യാർത്ഥികളുടെ സാഹിത്യ രചനകളുടെ കൂടെ ലിറ്റിൽ  കൈറ്റുകളുടെ കരകൗശല വൈദഗ്ധ്യവും ഒത്തുചേർന്ന് വിരിഞ്ഞ ഒരപൂർവ്വ സൃഷ്ടിയാണ് ഈ മാസിക.. ഇതിൻറ അണിയറയിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികളേയും അനുമോദിക്കുകയും അവർക്ക് ഭാവുകങ്ങൾ നേരുകയും ചെയ്യുന്നു...

സസ്നേഹം

മുഹമ്മദലി.കെ.കെ

പി.ടി.എ. പ്രസിഡണ്ട്

# ശിശിര മഴ

ശിശിരത്തിലെ   ആ  പ്രഭാതം
മഴയുടേതാടയിരുന്നു
മന്ദ്ര മധുരമായ്
പെയ്യിറങ്ങുന്ന ശാന്ത നിർഭരമായ
പ്രഭാതം..............................

എന്റെ മുറ്റത്തെ
ചെമ്പകത്തിന്റെ
പൂക്കളില്ലാ ക്കൊമ്പിലൊന്നിൽ
ഒരു പക്ഷി.................
മിഴികൾ കൂമ്പി
പൊൻ തൂവലിൻമേൽ
നേർത്തു നീണ്ട
മഴ,വിരലുകൾ തഴുകുന്നതറിയാതെ
മഴയുടെ മന്ദ്രരാഗത്തിൽ
സ്വയമലിഞ്ഞതുപോലെ....



*ഒരു നിമിഷം*
*വിരലൊന്നു നീട്ടി*
*ആ പട്ടു തുവലിൻ മേൽ*
*ഒന്നു തലോടാൻ*
*എൻ ഹൃദയം തുടിച്ചു..............*
*വിരൽ തെല്ലു നീണ്ടു പോയ്*
*ജാലക വാതിൽ*
*പാതി മാത്രം തുറന്ന്*

*ഞാൻ .........................*
*വിരലൊന്നു നീട്ടിയതേയുള്ളൂ*

പൊട്ടുന്നനെ
മിഴി തുറന്ന്
എന്നെയൊന്നു നോക്കി
അരമാത്ര................
നിശ്ചലത തുടർന്ന്
അനാമികയായ ആ പക്ഷി
പൊൻ ചിറകുകൾ
മെല്ലെ വിടർത്തി
അങ്ങകലെ...............
മഞ്ഞണിഞ്ഞ
മലനിരകളുടെ
നരച്ച നീലിമയ്ക്കുമപ്പുറം
എങ്ങോ...................
പറന്നു മറഞ്ഞു..........

പ്രവിത

# <u>ഗ്രാമത്തിൻ_തെളിച്ചം</u>




ഞങ്ങളുടെഗ്രാമംഅതിസുന്ദരമാണ്. പച്ചവിരിച്ചനെൽ പാടങ്ങളും, കുന്നുകളും, മലനിരകളും, കളകള ശബ്ദമുണ്ടാക്കി ഒഴുകുന്ന പുഴകളും ചെറുഅരുവികളും നിറഞ്ഞതാണ് ഞങ്ങളുടെ ഈ കൊച്ചു ഗ്രാമം.





*പക്ഷി പാതാളം എന്നറിയപ്പെടുന്ന അതിസുന്ദരമായ വയനാട്ടിലെ ഒരു കൊച്ചു ഗ്രാമത്തിലാണ് ഞങ്ങൾ താമസിക്കുന്നത്. ഞങ്ങളുടെ നാട്ടിലെ വിവിധ ഇനം പക്ഷികൾ അവയുടെ മധുര ഗാനങ്ങൾ കേൾപ്പിച്ചാണ് ഗ്രാമത്തിലുള്ളവരെ ഉണർത്തുന്നത്. ഞങ്ങളുടെ നാട്ടിലെ പ്രകൃതി ഭംഗി നാട്ടുകാരെ ഏറെ സ്വാദീനിച്ചിരുന്നു.*

*പ്രകൃതി ഭംഗി ആസ്വദിക്കാൻ വേണ്ടി പല സ്ഥലങ്ങളിൽ നിന്നുംആളുകൾ വന്നിരുന്നു. ഞങ്ങളുടെ ഗ്രാമത്തിലെ ഗ്രാമീണർ ഞങ്ങളുടെ ഗ്രാമത്തെ സംരക്ഷിക്കുന്നു. ഗ്രാമത്തിലെ ജനങ്ങൾ പരസ്പരം സ്നേഹിച്ചും സഹായിച്ചും വളരെ സന്തോഷത്തോടു കൂടി ജീവിച്ചു വരുന്നു.*

*ഐക്യം നിറഞ്ഞതാണ് ഞങ്ങളുടെഗ്രാമം. മഴയുലള്ള സമയത്ത് മണ്ണിന്റെ പുതുമണം നാടാകെ പരത്തും. മഞ്ഞ് കാലത്ത് അതി ഗാഢമായ തണുപ്പായിരിക്കും. എന്തായാലും ഞങ്ങളുടെ ഗ്രാമത്തെ ഞങ്ങൾ ഒരുപാട് ഇഷ്ടപ്പെടുന്നു.*

***ഫസ്ന വി.***
***ഫമിദ എം***
***9A***

# പ്രളയം





# അതിജീവനം








# അതിജീവനം



## ഞങ്ങളുടെ ഗ്രാമം



പണ്ട് പണ്ട് ഒരു കൊച്ചു ഗ്രാമമുണ്ടായിരുന്നു.വളരെ മനോഹരമായ ഗ്രാമമായിരുന്നു അവിടം.പച്ചപിടിച്ച പുൽമേട്ടുകൾ,മലകളും,കുന്നിൻചെരുവിൽ കുറേ വീടുകളും വന്യജീവികളും,വെള്ളച്ചാട്ടം കണ്ടു രസിച്ചു ഒരു മരത്തിൻ മേലെ കിളികൾ ചിലക്കുന്നത് ഇതെല്ലാം ആ ഗ്രാമത്തിന്റെ പ്രത്യേകതകളാണ്

ഒരു ദിവസം ഞാൻ സ്കൂൾ വിട്ട് പോകുംബോൾ മനോഹരമായ പച്ചപിടിച്ച വയലുകൾ കാണാമായിരുന്നു. കുളത്തിൽ മനോഹരമായ ആംബലുകൾ,മീനുകൾ എന്നിവയെല്ലാം ഉണ്ടായിരുന്നു.അതെല്ലാം കണ്ട് ഞാൻ

## രസിക്കുമായിരുന്നു.ഞങ്ങൾ മനോഹരമായ ഗ്രാമത്തിലായിരുന്നു താമസിച്ചിരുന്നത്. ഞങ്ങൾ രാവിലെ എഴുന്നേൽക്കുംബോൾ കിളികളുടെ പാട്ട് കേൾക്കാറുണ്ടായിരുന്നു.



അങ്ങനെഒരു ദിവസം ഞങ്ങൾ കാട്ടിലേക്ക്പോയി. അവിടെകുറേവന്യജീവികൾ ഉണ്ടായിരുന്നു.ആന,പുലി,മുയൽ,ചെന്നായ,പുള്ളിമാനുകൾ അങ്ങനെ പലവിധമുള്ള ജീവികളെ ഞങ്ങൾ കണ്ടു.അങ്ങനെ രാത്രി ആയി തുടങ്ങി.നല്ല നിലാവുള്ള രാത്രി ആയിരുന്നു അത്. ആകാശത്തിൽ നിറയെ നക്ഷത്രങ്ങൾ.പറന്നു നടക്കുന്ന മിന്നാമിനുങ്ങുകൾ.മരത്തിൽ ഇരുന്നു മൂളുന്ന മൂങ്ങകൾ. അങ്ങനെ പലപല ജീവികളെ ഞങ്ങൾ കണ്ടു.അന്ന് ഞങ്ങൾ ആ കാട്ടിൽ താമസിച്ചു.
'

അങ്ങനെ രാവിലെ ആയി. ഞങ്ങൾ രണ്ടു പേരുംനടക്കാൻ ഇറങ്ങി.കുറച്ചു നടന്നപ്പോഴേക്കും പെട്ടെന്ന് ഒരു മഴ പെയ്യാൻ തുടങ്ങി.ഞങ്ങൾ ഓടി ഒരുമരത്തിന്റെ ചുവട്ടിൽ പോയി നിന്നു.ആ മരത്തിന്റെ മുകളിൽ നിറയെ മാങ്ങയുണ്ടായിരുന്നു.ഞങ്ങൾ ആ മാങ്ങ പറിച്ചു നിന്നു. അങ്ങനെ ഞങ്ങൾ വീട്ടിലേക്കു മടങ്ങി. എത്ര സുന്ദരമാണ് ഞങ്ങളുടെ ഗ്രാമം

*ഭവിഷ്ണ*

സുമി
9A






**കൃഷ്ണ പ്രിയ**
**VII A**




**ഫാത്തിമത്ത് ശംന**







Bhavishma P V



krishna Priya




LadeedaNasri
IX-A

# പൂക്കാലം



***പൂക്കാലം വന്നേ പൂക്കാലം......***

***കുളിരു കുളിർക്കും പൂക്കാലം.***

***സുന്ദരിയാണീ പൂക്കാലം..........***

***ചിങ്ങം വന്നാൽ പൂക്കാലം.........***

***പുഞ്ചിരി തൂകും പൂക്കാലം.............***

***വസന്തകാലം പൂക്കാലം...............***

***ഏഴു നിറത്തിൽ പൂവുകളും............***

***പല തരത്തിൽ പൂക്കാലം.............***

***എന്തൊരു ചന്തം പൂക്കാലം.........***

# ചിക്കുനായയും  പൂമ്പാറ്റയും



ഒരിടത്ത് ചിക്കു എന്നു പേരുള്ള ഒരു പട്ടിക്കുട്ടി ഉണ്ടായിരുന്നു.എപ്പോഴും കളിക്കാനാണ് അവനിഷ്ടം.എല്ലാപക്ഷികളും മൃഗങ്ങളും അവന്റെ കൂട്ടുകാരിയായിരുന്നു.എല്ലാവരെയും സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നതുകൊണ്ട്എല്ലാവർക്കും അവന്റെ കൂട്ടുകാരാവാൻ ഇഷ്ടമായിരുന്നു.ഒരു ദിവസം ചിക്കു കളിച്ചുകൊണ്ടിരിക്കുകയായിരുന്നു.അപ്പോഴാണ് അവനൊരു ചിത്രശലഭത്തെ കണ്ടത്.ചിത്രശലഭവും പെട്ടെന്ന് കൂട്ടുകാരായി  തുടങ്ങി. പെട്ടെന്ന് ചിത്രശലഭം കുറേ ദൂരേയ്ക്ക് പറന്നുപോയി.അവൻ അതിന്റെ പുറകെ ഓടാൻ തുടങ്ങിയപ്പോൾ ഇലയുടെ ഇടയില് എന്തോ അനങ്ങുന്നതുപോലെ കണ്ടു.ചിക്കു പേടിച്ചുപോയി. അയോ ഇതൊരു പുഴുവാണല്ലോ അവന് പറഞ്ഞു.ഇതെല്ലാം മരത്തിലിരുന്ന് ഒരു കാക്ക കാണുന്നുണ്ടായിരുന്നു കാക്ക ചോദിച്ചു.എന്തുപറ്റി .ചിക്കു പറഞ്ഞു എനിക്കു പുഴുവിനെ പേടിയാണ് ഒരു ഭംഗിയുമില്ല കാണാൻ.അപ്പോൾ കാക്ക ചിരിച്ചുകൊണ്ട് പറഞ്ഞു നീ ഇതുവരെ കളിച്ചുകൊണ്ടിരുന്ന ചിത്രശലഭം ഈ പുഴുവിൽ നിന്നാണ് ഉണ്ടായത്.

ചിക്കുവിന് ഇത് കോട്ടിട്ട് വലിയ അത്ഭുതമായി. ഈ വൃത്തികെട്ട പുഴുവിൽ നിന്ന് ഇത്റയും സുന്ദരിയായ ചിത്രശലഭമോ.എന്തായാലും അവനു സന്തോഷമായി. കാക്ക പഞ്ഞു നീ കുറേ ദിവസത്തേക്ക് എന്നും ഈ പുഴുവിനെ വന്ന് നോക്കുക.അപ്പോള് മനസ്സിലാകും.അവന് അത് അനുസരിച്ചു.കുറേ ദിവസം കഴിഞ്ഞപ്പോള് പുഴു ഒരു കൂടിനിള്ളിലായി. അപ്പോള് കാക്ക പറഞ്ഞു അതാണ് പ്യൂപ്പ ചിക്കു പിന്നെയും കാത്തിരുന്നു.അങ്ങനെ ഒന്ന് രണ്ട് ആഴ്ച്ച കഴിഞ്ഞപ്പോൾ ആ കൂട് പൊട്ടി അതിൽ നിന്ന് സുന്ദരമായ ഒരു ചിത്രശലഭം വന്നു.ചിക്കു അത്രയും ഭംഗിയുള്ള ചിത്രശലഭത്തെ കണ്ടിട്ടേയില്ലായിരുന്നു.അവൻ അതിന്റെകൂടെ കുറേ നേരം കളിച്ചു.കളിച്ചു ക്ഷീണിച്ചു വന്ന് അവൻ കാക്കയോട് പറഞ്ഞു. ഇപ്പോള് കാക്ക പറഞ്ഞത് എനിക്കു മനസ്സിലായി. ഭംഗിയില്ലാത്ത പുഴുവില് നിന്ന് ഇത്റയും സുന്ദരിയായ ചിത്റശലഭം ഉണ്ടാകുമെന്ന്  എനിക്ക് വിശ്വസിക്കാനെ പറ്റുന്നില്ലായിരുന്നു.ഇപ്പോള് എനിക്ക് സന്തോഷമായി.പിന്നെ അവന് വീട്ടിലേക്ക് പോയി.അമ്മയോടു വിശേഷമെല്ലാം പറയാന് തുടങ്ങി .

***ഗുണപാഠം:ഏതൊരു കൊള്ളില്ലാത്ത സാധനത്തില് നിന്നും നല്ലത് കണ്ടെത്താനാവും***

***കുട്ടിക്കഥ : ഹാഫിസ്***

# പച്ചപ്പുകൾ നിറഞ്ഞു നിന്നിരുന്ന ഗ്രാമം



പച്ചപ്പുകൾ നിറഞ്ഞു നിന്നിരുന്നതായിരുന്നു എന്റെ ഗ്രാമം വളരെമനോഹരമായിരുന്നു.കുന്നുകളും,പുഴകളും,വയലുകളും,നെൽപ്പാട ങ്ങളും.എല്ലാംകണ്ണിന്റെ കാഴ്ചയെ സ്വധീനിക്കുന്നതായിരുന്നു.അകലെ അകലെയായിരുന്നു വീടുകളെല്ലാം.പച്ചപ്പുകള് വിരിച്ചതുപോലെ വളരെമനോഹരമായിരുന്നു.

രാവിലെ തന്നെവാതില് തുറന്ന് മുറ്റത്തിറങ്ങിയാല് കാണുന്ന കാഴ്ചഅതിമനോഹരമായിരുന്നു..പക്ഷികളുടെ കരച്ചില് കുയിലിന്റെ പാട്ട് ഇവയെല്ലാംചെവിയെയുംസ്വധീനിച്ചിരുന്നു..ഇത്രയും മനോഹരമായ ഒരു കാഴ്ചയും, ശബ്ദവും പ്രഭാതത്തില് തന്നെ കേൾക്കുന്നത് വളരെ വലിയ സൗഭാഗ്യമായിരുന്നു.ചെറുപ്പത്തിൽഈ കാഴ് ച്ച എന്നെ വളരെ അധികം

സ്വാധീനിച്ചിരുന്നു.  എന്നാൽ ഇപ്പോൾ ആ ഗ്രാമം ആദ്യത്തെ പോലെ സുന്ദരമല്ല ഇപ്പോൾ ആ പച്ചപ്പുകൾ നഷ്ടപ്പെട്ടു. കണ്ണാടി പോലെയുള്ള ആ  പുഴയുടെ നിറം മങ്ങി.വീടുകള് അടുത്തടുത്ത് വന്നപ്പോള് അവിടെ മലിനമാവാന് തുടങ്ങി.

വീടുകളിലെ ചവറുകളും വേയ്സ്റ്റുകളുംഗ്രാമത്തില് അവിടവിടെ കാണുന്നത് വളരെ വൃത്തികേടായിരുന്നു. പ്ലാസ്റ്റിക്കുകളും മറ്റും ആ പുഴയിലേക്കിട്ട്  ആ പുഴയിലെ  വെള്ളം മലിനമായി തുടങ്ങി . വളരെ മനോഹരമായ  ആ ഗ്രാമം പാടെ നശിച്ചു.നിറം മങ്ങിയ ഗ്രാമത്തെ കാണാന് ഇപ്പോള് ചേലില്ല വൃത്തിയായ ഗ്രാമം ഇപ്പോള് വൃത്തി-ഹീനമായി ആദ്യത്തെ ഗ്രാമവുംപച്ചപ്പും ആ ഗ്രാമത്തിലൂടെ ഒഴുകുന്ന പുഴയുംഇപ്പോള് കാണാന് ഒരുപാട് കൊതിതോന്നുന്നു. ഒന്നു കൂടി ആ കാലംതിരിച്ചുവന്നിരുന്നെങ്കില് എന്ന് പലപ്പോഴും തോന്നാറുണ്ട്. ആ ഗ്രാമത്തിന്റെ അവസ്ഥ ഇപ്പോള് വളരെ ദയനീയമാണ് . ഇപ്പോള് ആ ഗ്രാമത്തെ കണ്ടാല് അറിയാതെപ്പോലും കണ്ണുകള് നിറഞ്ഞു പോകാറുണ്ട്. ആ ഗ്രാമം എങ്ങനെയാണ് ഈ അവസ്ഥയിലെത്തിയത്. അത്രയും സുന്ദരമായ ഗ്രാമം ആരൊക്കെയാണ് ഇങ്ങനെ ആക്കിയത്.ഇതു പോലെ ഒരുപാട് ചോദ്യം മനസ്സിലുണ്ട്. പക്ഷെ ആ ചോദ്യങ്ങള്ക്കൊന്നും ഉത്തരം ലഭിച്ചിരുന്നില്ല.ഇപ്പോഴും ആ ഗ്രാമം ഒരു വിങ്ങലായി മനസ്സില് നിന്ന് എരിയുകയാണ്. ആ ഗ്രാമം ഇത്രത്തോളം വൃത്തികേടാവാന് കാരണം ആ ഗ്രാമത്തിലെ ജനങ്ങളാണ്.ആ ഗ്രാമം അങ്ങനെയാക്കിയ ജനങ്ങള് വിഢികള് തന്നെ അത്രയും നല്ല കാഴ് ചയും അനുഭവവും അവര് നഷ് ടപ്പെടുത്തി.ആ ജനങ്ങളെ ഓര്ത്ത് ഇപ്പോള് പുച്ചം തോന്നുന്നു.

ഷിഫ  ഫാത്തിമ

# മഴ



മഴ വന്നു  മഴ വന്നു.

തൊരാതെ മഴ പെയ്തു.

തോടും  പുഴയും  ആകെനിറഞ്ഞു.

വീടും പറമ്പും വെള്ളത്തിലായി.

മനുഷരെല്ലാം  നെട്ടോട്ടമോടി.

ജാതിമതപേതമില്ലാതെ  നമ്മള്‍കൈകോര്‍ത്തു.

പ്രകൃതിയേ വീണ്ടുംനമ്മള്‍തിരിചെടുത്തു.

ഇനി ഇവിടെ വേണ്ട അടിപിടി കൊലപാതകങ്ങള്.
ഒന്നിച്ചൊന്നായ്  നമുക്കിനി മുന്നേറാം.
ഒരൊറ്റക്കെട്ടായ് നമുക്കിനി നിന്നിടാം.
നമ്മുടെപ്രകൃതിനമ്മള്തന്നെകാത്തുകൊള്ളാം.

മിസ്രിയ .വി
9A

# നേട്ടങ്ങളിലൂടെ.....





# നേട്ടങ്ങളിലൂടെ.....


1


Fly Emirates
VIJAYA
KOTTATHARA
Standard Chartered
KOTTATHARA

# രാത്രി

മുല്ലമൊട്ടുകള് വാരിവിതറികൊണ്ടുല്ലാസ-
ഭരിതയായയണയും സന്ധ്യാശ്രീയും
വാനില്ലുല്ലസിച്ചീടും വര്മതിയൊഴുക്കുന്ന
പൂനിലാവില് കുളിച്ചെത്തിടും രജനിയും
രാത്രിതന് ആഘോഷയാമമാണെന്നുടെ
നിദ്രയിലേക്കുള്ള വഴികാട്ടിയും.



വര്‍ഷ വി 9 B

# പ്രകൃതി

എന്തു രസമാണ് എന് പ്രകൃതി
പച്ചവിരിച്ച വയലുകളും
കളകളം ഒഴുകുന്ന അരുവികളും
പൂമ്പാറ്റകള് നിറ പൂന്തോട്ടവും
പാട്ടു പാടുന്ന കുയിലുകളും
ആകാശം നൃത്തം വെയ്ക്കുന്ന മയിലുകളും
കോരിച്ചൊരിയാത്ത മഴകളും
മുത്ത് മുത്ത് പോലെപെയ്യുന്ന മഞ്ഞുതുള്ളികളും
ഇതെല്ലാം നിറഞ്ഞ എന് സുന്ദരമായപ്രകൃതി



റിയാ ഫാത്തിമ .8

# ഭാരതം



പലജാതി പലനിറപൂക്കള് വിടരുന്ന
ആരാമമാണെന് ◌െറ ഭാരതം
ഒത്തിരി ദര്ശന കാവ്യങ്ങളൊഴുകുന്ന
മഹാനഹദിയാണെന് ◌െറ ഭാരതം
ന്നല്ല രണ്ട അനവധി ഭാഷകള്
സൗന്ദര്യ മ◌േകുന്ന ധര്ശനം
എല്ലാമെല്ലാം ഒന്നായി നര്ത്തുന്ന
അമ്മയാണെന്റെയി ഭാരതം

*ലദീദ നസ്റി*
***9A***

# ഏപ്രിൽ ഫൂൾ

അമ്മു.....മോളേ അമ്മൂ......അമ്മയുടെ നീണ്ട വിളി കേട്ടാണ് അമ്മു ഉണര്ന്നത്. അവള് എഴുന്നേറ്റ് പ്രാര്ത്ഥിച്ച് അമ്മയുടെഅടുത്തെത്തി.അമ്മ അടുക്കളയില് ദോശ ചുടുകയായിരുന്നു. അമ്മ അവളോട് പറഞ്ഞു.അമ്മു.....നിന്റെ കണക്കിന്റെ ബുക്ക് കരണ്ട എലിയെ കിട്ടി. മുറ്റത്ത്എലിപ്പെട്ടിയിലുണ്ട്. അമ്മുവിന്റെ മുഖം സന്തോഷം കൊണ്ട് നിറഞ്ഞു. അന്ന് ടീച്ചര് പറഞ്ഞ വഴക്കെല്ലാം അവളുടെ മനസ്സില് നിറഞ്ഞു . അവള്മുറ്റത്തേക്കോടി. അവള് മുറ്റത്തെത്തി ചുറ്റും നോക്കി.



***എലി പോയിട്ട്  അവിടെ  ഒരുഎലിപ്പെട്ടി പോലും ഇല്ല. അവളുടെ മുഖത്ത് നിരാശപടര്ന്നു. അപ്പോള് പല്ലില്ലാത്തമോണക്കാട്ടി ചിരിച്ചുകൊണ്ട് മുത്തശ്ശിഅവിടെയെത്തി. മുത്തശ്ശി  അവളോട് പറഞ്ഞു.എടീ...അമ്മു അവള് നിന്നെ പറ്റിച്ചതാ.... ഇന്ന്  ഏപ്രില്  ഫൂളല്ലേ.....അപ്പോളാണ് അവള് ആ ദിവസത്തിന്െറ പ്രത്യേകതയെപ്പറ്റിഓര്ത്തത്.***

**ലിറ്റിന  സെബാസ്റ്റ്യൻ *9A***

## അതിമനോഹര ഗ്രാമം

*മഞ്ഞിന്‍ പാളികള്‍ക്കിടയിലൂടെ ഉദയ സൂര്യന്‍ ഉദിച്ചുവരുകയാണ്. അപ്പോഴാണ്ഞാന്‍ കണ്ണ് തുറന്നത്. എഴുന്നേറ്റ് പോയി ജനവാതിലുകള്‍തുറന്നപ്പോള്‍ മുറ്റത്തെ തൈമാവില്‍ ചില്‍ ചില്‍ ശബ്ദം ഉണ്ടാക്കി അണ്ണാരക്കണ്ണന്‍ അങ്ങോട്ടുംഇങ്ങോട്ടും ഓടി നടക്കുന്നു.*



*കുഞ്ഞേ....... നീ ഇത് വരെ എഴുന്നേറ്റില്ലേ എന്ന വിളിയുമായി അമ്മ എന്‍റടുക്കല്‍ വന്നു. ആഹാ...... മോന്‍ എണീറ്റോ ? എന്നാല്‍ വേഗം പോയി പ്രഭാത കര്‍മങ്ങളെല്ലാം ചെയ്യൂ. ഞാന്‍ പെട്ടെന്നു തന്നെ അമ്മയുടെ വാക്കുംകേട്ട് വീട്ടില്‍ നിന്നു പുറത്തേക്ക് പോയി. അവിടെ നോക്കിയപ്പോള്‍ വൈക്കോല്‍ മഞ്ഞില്‍പാളികള്‍ക്കിടയില്‍ ഉണര്‍ന്ന കണ്ണുമായി കിടക്കുകയായിരുന്നു "എന്‍റെ പാവം റിക്കി'*

*റിക്കി ആരാണെന്ന് നിങ്ങള്‍ക്കറിയേണ്ടേ ? എന്‍റെ പാവംപപ്പികുട്ടി. അമ്മ പറഞ്ഞതെല്ലാം കേട്ട് പ്രഭാതകര്‍മങ്ങളെല്ലാം ചെയ്ത് സ്കൂളിലേക്ക് പോകാന്‍ ഒരുങ്ങി. അമ്മയോടും റിക്കിയോടും യാത്ര പറഞ്ഞ് പോകാന്‍ തുടങ്ങി. വീടിന്‍റെ പടികളെല്ലാം കഴിഞ്ഞപ്പോള്‍ കൂട്ടുകാര്‍ വിളിച്ച് പറഞ്ഞു ടിന്റൂ......... വേഗംവാ...*

ഇന്നും സാറിന്റെ കൈയ്യിൽ നിന്നും അടിവാങ്ങാൻ കഴിയില്ല. ഞങ്ങള് പോവുകയാ .നീ പയ്യെ വന്നോ. . അപ്പോഴാണ് ഞാന് ആ രസകരമായ കാഴ്ച്ച കണ്ടത്.പച്ച വിരിച്ച നെല്പ്പാടങ്ങൾക്കിടയിൽമഞ്ഞ് തുള്ളികൾ മഴവില്ലിന്റെ നിറങ്ങളാൽതിളങ്ങുന്നു. മഞ്ഞിൻതുള്ളികൾ നോക്കിയിരിക്കെ പിറകിൽ നിന്ന് കളകള ശബ്ദം കേട്ടത്. .അധികനേരം അവിടെ നിൽക്കാതെ ഞാന്ആ ശബ്ദം കേട്ട ഭാഗത്തേക്ക് ഓടി മറഞ്ഞു.അതൊരു കൊച്ചു കാട്ടരുവി ആയിരുന്നു.എനിക്ക് അവിടെ നിൽ പ്പറച്ചില്ല. ഇതിനും മനോഹരമായ പ്രകൃതി ഭംഗി ആസ്വദിക്കാന് പുഴ കടന്ന് ഞാന് കുന്നിന് ചെരിവുകളിലെത്തി.

ഞാന്തനിയെപോവുകയല്ലായിരുന്നോ,എന്നെ പ്രകൃതി വലിച്ചു കൊണ്ടു പോവുകയായിരുന്നു.ഞാന് ആ കുന്നിന് പുറങ്ങളില് എത്തി.അവിടെ നിന്നും ഞാന് താഴേക്ക് നോക്കിയപ്പോള് പ്രകൃതിയിലെ എല്ലാ കാഴ്ചകളും അതിമനോഹരമായി ഞാന് ആസ്വദിച്ചു.

പെട്ടെന്ന് ഞാന് എന്റെ കൈയ്യില് നോക്കി അപ്പോളാണ് ഒരു പൂമ്പാറ്റ  വാച്ചിന് മുകളില് ഇരുന്നു.എന്താണെന്ന് നോക്കിയപ്പോള് പൂമ്പാറ്റ.പെട്ടന്ന് ഞാന് കണ്ണ് പൂമ്പാറ്റയില് നിന്ന് അകറ്റി.അപ്പോഴാണ് കണ്ടത് സമയം 5 മണി  കുന്നിന്  കുന്നിന് ചെരിവുകളും,പുഴകളും,വയലുകളും എല്ലാം താണ്ടി ഞാന് വീട്ടിലേക്ക് മടങ്ങി.അവനെ കാണാത്ത വിഷമം കാരണം അമ്മ തുണിന്മേല് ചാരി നില്ക്കുകയായിരുന്നു. അവന് വരുന്നത് അമ്മ കണ്ടു. ശകാരിച്ചുകൊണ്ടു ചോദിച്ചു :നീ സ്കൂളില് പോയില്ലെ..... സാര് വിളിച്ചല്ലോ . ഞാന് ആകെ പേടിച്ച് പോയി. നീ ഇത്രയും നേരം എവിടെയായിരുന്നു. ശകാരം ഏറ്റുകൊണ്ട് ഞാന് പറഞ്ഞു.  അമ്മേ ഞാന് പ്രകൃതി ഭംഗി ആസ്വദിച്ചിട്ടും  എനിക്ക് മതി വരുന്നില്ല. നമ്മുടെ പ്രകൃതി  ഇത്ര ഭംഗിയുണ്ടെന്ന് ഞാന് അറിഞ്ഞില്ല. അമ്മേ മറ്റു സ്ഥലങ്ങള് കാണാന് പോകുമ്പോള് നാം നമ്മുടെ സ്വന്തം പ്രകൃതിയെആസ്വദിക്കണം. നാം ജനിച്ച് വളര്ന്ന പ്രക്രുതിയെ കഴിഞ്ഞിട്ടേ വേറെ പ്രക്രുതിയുള്ളൂ....... നമ്മുടെ പ്രക്രുതിയെ ജനങ്ങളിലേക്ക് അടുപ്പിക്കുക.......

അസ്മിറ - റാഷിദ  9th A

# രണ്ടു ചായ



കാലത്തെണീറ്റ ഞാന് സൂര്യനെ കണ്ടു.
എനിക്കു തന്നമ്മ പാലില്ലാ ചായ.
മടി പിടിച്ചച്ചന് കിടന്നുറങ്ങി.
അച്ഛനു കിട്ടി പാല് ചായ.
എന്തൊരനീതി ?
എന്തൊരന്യായം ?
ചായ വിതരണം നീതി പാലിക്കുക.

9th താഹിര

# എന്റെ ഗ്രാമം

അതിമനോഹരമായ ഗ്രാമത്തെ കുറിച്ചും വൃത്തിഹീനമായ നഗരത്തെ കുറിച്ചുമാണ് ഞങ്ങള് ഈ കഥയിലൂടെ വിശദീകരിക്കുന്നത്.ഒരിക്കല് ഒരു ഗ്രാമത്തില് മീനു എന്നു പേരുള്ള ഒരു കുട്ടിയുണ്ടായിരുന്നു.അവളുടെ കൂട്ടുകാരിയാണ് നഗരത്തില് വസിക്കുന്ന ലച്ചു.അവര് രണ്ടു പേരും ഉറ്റസുഹൃത്തുക്കളാണ്.അവര് രണ്ടു പേരും ഏഴാം ക്ലാസില് ആണ് പഠിക്കുന്നത്.
പതിവുപോലെ ഒരു ദിവസം മീനു സ്കൂളിലേക്കു പുറപ്പെട്ടു.അതൊരു മഴക്കാലമായിരുന്നു.വയലുതാണ്ടി വേണം മീനുവിന് സ്കൂളിലെത്താന്.
വയലില് നിറയെ വെള്ളം.വെള്ളത്തിലോ,തവളകളുടെ കൂട്ടക്കരച്ചില്.
എന്നെ കണ്ടതും ഞണ്ടുകളെല്ലാം അവരവരുടെ മാളത്തിലേക്കോടിപ്പോയി.
എന്നത്തെയും പോലെ സ്കൂളില് ബെല്ലടിച്ചിട്ടു തന്നെയാണ് ഞാന് എത്തിയത്.ഇതൊരു പതിവായതിനാല് ടീച്ചര് ഒന്നും പറയാതെ തന്നെ എന്നെ ക്ലാസില് കയറ്റി.
പഠനത്തിനിടയില് ഞാന് പുറത്തേക്കൊന്ന് പാളിനോക്കി.ഹൗ!എന്തൊരു മഴയാ,“വെള്ളിനൂലുകള് പോലെ സ്കൂളിന്റെ ഓടിറങ്ങളിലൂടെ തോരണം തൂക്കിയിട്ടതു പോലെയായി എനിക്കു തോന്നി”.ഉച്ചഭക്ഷണത്തിനു
സമയമായി.ബെല്ലടിച്ചതും കഞ്ഞിപ്പുരയിലേക്ക് പാത്രവും എടുത്ത് കുട്ടികളെല്ലാം ഓടെടാ ഓട്ടം.ഞാനും അവരുടെ പിറകിലായിക്കൊണ്ട് ഓടി.എന്നത്തെയും പോലെ സാമ്പാറും ചോറും.കൂട്ടിനായി വല്ലപ്പോഴും അച്ചാറ് കിട്ടും.അത്രതന്നെ.
ഭക്ഷണവും കഴിഞ്ഞ് ഞാനും ലച്ചുവും ഗ്രൗണ്ടിലേക്കോടി.
ഗ്രൗണ്ടിലെത്തിയതും ദേ........ബെല്ലടിയുടെ മുഴക്കം.പിന്നെ ക്ലാസിലെത്താനുള്ള വെപ്രാളമായി.ഞാനും ലച്ചുവും ക്ലാസിലെത്തി.ഹാവൂ.....മാഷ് എത്തിയില്ല,ആശ്വാസമായി.
പറഞ്ഞുനാവെടുത്തതും കുട്ടികളെല്ലാം കണക്ക്പുസ്തകം തിരയാന്തുടങ്ങി.മാഷ് ക്ലാസിലേക്കൊന്ന്പാളിനോക്കിയതല്ലാതെ ഒന്നും
പറഞ്ഞില്ല.പിന്നെ ദേശീയഗാനത്തിന്റെ സമയവുംനോക്കികുട്ടികളെല്ലാം കുത്തിയിരിക്കാന്തുടങ്ങി ഞങ്ങള്രണ്ട്പേരും അതില് പന്കു ചേര്ന്നു.



*സകൂൾ വിട്ട്  വയൽ വരമ്പത്തൂടെ ഞാൻ ഓടി.*

*മഴ നിർത്താതെ പെയ്യുകയാണ്. വീടിനടുത്തെത്തിയപ്പോൾ 'ടപ്പേ'  ദേ  കിടക്കുന്നു ഞാൻ വയലിൽ  കുറച്ചുനേരംകാത്തുനിന്നു . ആരെൻക്കിലും എന്നെ എടുക്കുമോ എന്നുംനോക്കി.പക്ഷേഅരുംവന്നില്ല.*

*ഞാന് പതിയെ വീടിൻെരപിന്നാമ്പുറത്തേക്ക് നടന്നു.*

*അപ്പോൾ എൻെറ മനസ്സിലൂടെ കടന്നു പോയി." നഗരത്തിലാ വീടായിരുന്നെന്ക്കില് ചെളിയില് വീയാതെയും മഴകൊള്ളാതെയും എനിക്ക് വീട്ടിലെത്താമായിരുന്നു."*

*വീട്ടിലെത്തിയ ഞാന് ഒന്നുംനോക്കാതെ കുളിച്ച് വൃത്തിയായി.ആദിനം അങ്ങനെ കടന്നുപോയി.പിറ്റേദിവസം മീനു വീട്ടിലേക്ക് വരുമ്പോഴുണ്ടായ കാര്യങ്ങളെല്ലാം ലച്ചുവിനോട് പറഞ്ഞു.ഇതു കേട്ട് ലച്ചു പറഞ്ഞു.നീ എന്തു വിഡ്ഢിയാണ്.ഗ്രാമത്തിനെക്കാള് നല്ലത് നഗരമാണെന്നോ?അപ്പോള് മീനു പറഞ്ഞു:എങ്ങനെയായാലും ഇത്ര കഷ്ടപ്പാട് സഹിക്കേണ്ടല്ലോ നഗരത്തില്.ഇതു കേട്ട ലച്ചു പറഞ്ഞു.ഞാന് പറയുന്നതിന്െറ മഹത്വം നിനക്ക് പതിയെ മനസ്സിലാകും.ഇതും പറഞ്ഞ് ലച്ചു പോയി.തുടര്ന്നുള്ള രണ്ട് ദിവസങ്ങളില് ലച്ചു ക്ലാസില് വന്നില്ല.*

*കാരണം അന്വേഷിച്ചപ്പോള് അവള്ക്ക് വയ്യാതെ കിടക്കുകയാണെന്ന് കേട്ടു.പിന്നെ ഞാന് ഒന്നും നോക്കിയില്ല.ലച്ചുവിന്റെ വീട്ടിലേക്ക് പോയി.അവളെ കണ്ടതും ഞാന് ചോദിച്ചു.ലച്ചൂ........നിനക്കെന്തു പററി?നിനക്കല്ലേ നഗരത്തില് താമസിക്കാന് വലിയ ആഗ്രഹം,നഗരത്തില് താമസിച്ചാല് ഞാന് കിടക്കുന്നതു പോലെ നീയും കിടക്കേണ്ടി വരും.ഞാന് കുറച്ചു നേരം ആലോചിച്ചു.പിന്നെയാണ് അവള് പറഞ്ഞതിന്റെ മഹത്വം*

*എനിക്ക് മനസ്സിലായത്.നഗരത്തിൽ വസിക്കുന്നവർക്ക് എന്നും ആശുപത്രിയിൽ പോകാനേ നേരമുണ്ടാവുകയുള്ളു എന്ന് ലച്ചു പറഞ്ഞു.*

*അങ്ങനെ ലച്ചു ഗ്രാമത്തിലേക്ക് താമസം മാറി.പിന്നെ അവര് രണ്ടു പേരും വയല് വരമ്പത്തു കൂടെ ഓടിക്കളിക്കാന് തുടങ്ങി.അവര്ക്ക് വയലിലിറങ്ങി കളിക്കാന് വെറുപ്പ് തോന്നിയതേയില്ല.*

*ഗുണപാഠം-ഗ്രാമത്തെ ഒരിക്കലും ചെറുതായികണകണകാകാനും നഗരത്തെ ആശ്രയിക്കാനും പ്രേരിപ്പിക്കരുത്. ഗ്രാമത്തില് നിന്നകലുന്ന പുതുതലമുറയെയും,എന്നാല് നഗരത്തില് നിന്നും ഗ്രമത്തിലേക്ക് വരുന്ന മറ്റൊരു തലമുറയെയും  നമുക്ക് ഈ കഥയിലൂടെകാണാം........................*

**ജിസ്രിയ ജാസ്മിന് . k.k**
**മിസ്രിയ . v**
*9th A*

# പൂമ്പാറ്റ



സഞ്ജന ചന്ദ്രൻ

പാറ്റേ  പാറ്റേ  പൂമ്പാറ്റേ
പൂവൊടി ചൂട്ടും പൂമ്പാറ്റേ
പൂന്തേനുണ്ണും പൂമ്പാറ്റേ
പൂവുകള് തേടി പുലരികൾ ളുകും
പാറിപോകും പൂമ്പാറ്റേ

# മാമ്പഴം



മുറ്റത്തുണ്ടൊരു മാവ്വ മരം..
മാവ്വമരത്തില് മാമ്പഴം..
കാണാനെന്തൊരു ചേലാണ്..
തിന്നുമ്പോഴോ മധുര രുചി..
മാവില് തൂങ്ങി നില്ക്കും മാമ്പഴം..
കാണാനെന്തൊരു ചേലാണ്..
രുചിയൂറുന്നൊരു തേന്മാമ്പഴം ........

ജിസ്രിയ ജാസ്മിന്.കെ.കെ

# വെളിച്ചത്തിന്റെ തെളിച്ചം

ഒക്ടോബർ 22

ഊർജ്ജദിനം

***ഇവരെ അറിയുക.***

***പ്രകാശത്തെ സംബന്ധിച്ച കണ്ടെത്തലുകള് നടത്തിയ ശാസ്ത്രജ്ഞൻമാർ അനവധിയാണ്.ചിലരെ പരിചയപ്പെടാം.***

## ***ലിയോ_ഫുക്കാര്ഡ് :***

***വ്യത്യസ്ത മാധ്യമങ്ങളിൽ പ്രകാശത്തിന്റെ പ്രവേഗം ആദ്യമായി നിര്ണയിച്ചത് ഫ്രഞ്ച് ഭൗതിക ശാസ്ത്രജ്ഞനായ ഫുക്കാര്ഡാണ്.പ്രകാശവേഗം വായുവിലേതിനേക്കാള് വെള്ളത്തില് കുറവാണെന്ന് അദ്ദേഹം കണ്ടുപിടിച്ചു.ഭൂമിയുടെ സ്വയം ഭ്രമണം വ്യക്തമാക്കാന് സഹായിക്കുന്ന ഫൂക്കോ പെന്ഡുലം,എഡ്നി കറന്റ് ഗൈറോസ്കോപ്പ് എന്നിവയും ഫുക്കാര്ഡിന്റെ കണ്ടുപിടിത്തങ്ങളാണ്.***

## ***തോമസ്_യങ്ങ്_:***

***പ്രശസ്തനായ ഇംഗ്ലീഷ് ഊര്ജതന്ത്രജ്ഞനായ യങ്ങ് കണ്ണിലെ ലെന്സിന്റെ ആകൃതി പ്രകാശതീവ്രതയനുസരിച്ച് മാറുമെന്ന് കണ്ടെത്തി.നീല,പച്ച,ചുവപ്പ് എന്നീ നിറങ്ങള്മനുഷ്യനേത്രങ്ങള്ക്ക് സംവേദനക്ഷമമാണെന്ന് അദ്ദേഹം***

***പരീക്ഷണങ്ങളിലൂടെ വ്യക്തമാക്കി.പ്രകാശം തരംഗരൂപത്തില് സഞ്ചരിക്കുന്നുവെന്ന് അദ്ദേഹം കണ്ടെത്തി.***

***ജിസ്രിയ ജാസ്മിൻ കെ. കെ IX A***


# അമ്മ

അമ്മയാണെന്െറ  ദൈവം
അമ്മയാണെന്െറ  ലോകം
അമ്മയെതൊട്ടു വണങ്ങിടും
ജീവിതസ്വപ്നം എന്തു സുന്ദരമാണ്
എന്െറ അമ്മയെ കാണാന്



*ലദീദനസ്റി*
**9.A**

# ആൽബർട്ട് ഐൻസ്റ്റീൻ



***ജര്‍മനിയില്‍ ജനിച്ച് അമേരിക്കയില്‍ പൗരത്വം നേടിയ ഊര്‍ജതന്ത്രജ്ഞനായ ഐന്‍സ്റ്റീന്‍ ആപേക്ഷികസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവാണ്.പിണ്ഡത്തിന്റെയും, ഊര്‍ജത്തിന്റെയും സമാനത,പ്രകാശത്തിന്റെ ഫോട്ടോ തിയറി,എന്നിവയും ഐന്‍സ്റ്റീന്‍ വികസിപ്പിച്ചെടുത്തു.***

***ന്യൂട്ടോണിയന്‍ ഭൗതിക ശാസ്ത്രത്തിന് പരിവര്‍ത്തനം വരുത്തിയത് ഐന്‍സ്റ്റീന്‍ ആണ്.ഫോട്ടോ ഇലക്ട്രിക് പ്രഭാവം വിശദീകരിച്ചതിന് 1921 ലെ ഊര്‍ജതന്ത്രത്തിനുള്ള നോബേല്‍ സമ്മാനം ലഭിച്ചത് ഇദ്ദേഹത്തിനാണ്.***

***ജിസ്രിയ ജാസ്മിൻ കെ.കെ***
***9 A***

# തലച്ചോറില്ലാത്ത കഴുത



***ഒരു കാട്ടില് ഒരു കഴുതയും കുറുക്കനും ഉണ്ടായിരുന്നു.അങ്ങനെ അവര് രണ്ടു പേരും ഒരു കാട്ടില് പോയി.കാട്ടിലെത്തിയതും ഒരു സിംഹം കഴുതയെ പിടിച്ചു കൊന്നു.പക്ഷേ,മാംസം തിന്നുന്നതിന് മുമ്പ് സിംഹത്തിന് നല്ല ദാഹം തോന്നി.അങ്ങനെ കുറുക്കനെയും കാവല് നിര്ത്തി സിംഹം വെള്ളം കുടിക്കാന് പോയി.പക്ഷേ,സിംഹം വരുന്നതിന് മുമ്പ് കുറുക്കന് കഴുതയുടെ തലച്ചോറ് മുഴുവന് ഭക്ഷിച്ചു.വെള്ളം കുടിച്ച് തിരിച്ചു വന്ന സിംഹം കുറുക്കനോടു ചോദിച്ചു.ഇതിന്റെ തലച്ചോര് എവിടെ?ഇതുകേട്ട് കുറുക്കന് പറഞ്ഞു.ഇവന് തലച്ചോര് ഉണ്ടായിരുന്നെന്കില് എന്റെ കൂടെ വരുമായിരുന്നോ?ഇതു കേട്ട് കുറുക്കന് ഇളിഭ്യനായി.***

***ഗുണപാഠം-കൊച്ചു ചിന്ത വലിയ നേട്ടങ്ങള് ഉണ്ടാക്കും.***

***അഫ്ന . 2.B***

# കടപ്പാട്........

***ഡിജിറ്റൽ മാഗസിന്റെ***
***പൂർണ്ണതക്കായി***
***സൃഷ്ടികൾ തന്ന്***
***സഹായിച്ച***
***എല്ലാവർക്കും***
***പിന്നിൽ പ്രവർത്തിച്ച കൈറ്റ്***
***അംഗങ്ങൾക്കും***

***നന്ദി .........***

***സ്നേഹപൂർവ്വം***

***എഡിറ്റർ***

---